കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 09-03-2020

## സർക്കുലർ നം 14

### കൊറോണ രോഗത്തിനെതിരെ ജയിലുകളിൽ സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ച് ഡി.ജി.പി പുറപ്പെടുവിക്കുന്ന അടിയന്തിര സർക്കുലർ

1. പനി, ജലദോഷം തുടങ്ങിയ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന തടവുകാരെ ഐസോലേഷൻ ബ്ലോക്കിലേക്ക് മാറ്റി പാർപ്പിക്കുക.
2. എല്ലാ ജയിലുകളിലും മുൻകരുതൽ എന്ന നിലയിൽ ഐസോലേഷൻ മുറി തയ്യാറാക്കുക
3. ജയിലിൽ പ്രവേശിപ്പിക്കുന്ന ദിവസം മുതൽ 6 ദിവസത്തേക്ക് തടവുകാരെ അഡ്മിഷൻ ബ്ലോക്കിൽ പ്രത്യേകം പാർപ്പിക്കേണ്ടതാണ്. ഇവരെ സ്റ്റോർ, ക്യാൻറീൻ, ടവർ, ഓഫീസ് എന്നിവിടങ്ങളിലേക്ക് അയക്കാൻ പാടില്ല. ഇവരെ നോക്കുന്നതിലേയ്ക്കായി കൺവിക്റ്റ് സൂപ്പർവൈസർമാരെ നിയോഗിക്കണം.
4. ജയിൽ മെഡിക്കൽ ഓഫീസറോ/ ഹെൽത്ത് വിസിറ്റർ എല്ലാ ദിവസവും പതിവ് ഒ.പി കഴിഞ്ഞ് അഡ്മിഷൻ ബ്ലോക്കിലെ തടവുകാരെ സന്ദർശിക്കേണ്ടതാണ്.
5. മാസ്ക് വാങ്ങലും അതിൻറെ ഉപയോഗവും പ്രോത്സാഹിപ്പിക്കണം
6. ജയിലിനുള്ളിൽ മാസ്ക് കൗണ്ടറുകളും കളക്ഷൻ യൂണിറ്റും ആരംഭിക്കേണ്ടതാണ്.
7. തുപ്പുന്നത് തടയുന്നതിനുള്ള ബോർഡുകൾ എഴുതി പ്രദർശിപ്പിക്കാവുന്നതാണ്
8. സ്റ്റാഫുകൾക്കായി സംഘടിപ്പിക്കുന്ന മീറ്റിംഗുകൾ ജാഗ്രതയോടെ ചെയ്യണം
9. തടവുകാരെ ഇൻറർവ്യൂ കാണാൻ വരുന്ന സന്ദർശകർ രോഗബാധിതരാണോയെന്ന് ശ്രദ്ധിക്കേണ്ടതാണ്.
10. ജയിലിനുള്ളിൽ വരുന്ന മിഷനറീസ്/ സംഘടനകളിലെ അംഗങ്ങൾ രോഗബാധിതരാണോയെന്ന് ശ്രദ്ധിക്കേണ്ടതാണ്.
11. കൊറോണ ബാധിത സ്ഥലങ്ങളിൽ കോടതികളിൽ എൻ റൂട്ടായി അയക്കുന്ന തടവുകാരേയും ഈ സ്ഥലങ്ങളിൽ നിന്ന് വരുന്ന തടവുകാരേയു പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്
12. രാത്രി കാലങ്ങളിൽ അഡ്മിഷൻ വരുന്ന പ്രതികളേയും പരോളിൽ നിന്ന് തിരികെ ജയിലിൽ പ്രവേശിപ്പിക്കുന്നവരെയും ഐസോലേഷൻ വാർഡിൽ പാർപ്പിക്കേണ്ടതാണ്
13. ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്യുന്ന പ്രതികളേയും മറ്റ് ജയിലിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന പ്രതികളേയും പരമാവധി പകൽ സമയങ്ങളിൽ മാത്രം മാറ്റുക.
14. ജയിലിനുള്ളിലെ മുടിവെട്ടുന്ന സ്ഥലത്ത് തടവുകാരെ കൂട്ടം കൂടി നിൽക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു ബ്ലോക്കിലെ തടവുകാരൻ മറ്റൊരു ബ്ലോക്കിലേക്ക് പോകാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
15. വാട്ടർ ടാങ്കുകളും കിണറുകളും ക്ലോറിനേറ്റ് ചെയ്യേണ്ടതും പാചകത്തിനായി ഉപയോഗിക്കുന്ന ഇറച്ചി നല്ലപോലെ പരിശോധിക്കേണ്ടതുമാണ്.
16. കിച്ചൺ ബ്ലോക്കിൽ ജോലി ചെയ്യുന്ന തടവുകാരെ വിവിധ ബ്ലോക്കുകളിൽ പാർപ്പിക്കാതെ

ഒരേ സ്ഥലത്ത് തന്നെ പാർപ്പിക്കുക

17. ജയിലുകളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന വാർത്തകളുടെ വ്യാപനം തടയേണ്ടതാണ്

18. രോഗത്തെക്കുറിച്ചുള്ള ഭയം പടരാതിരിക്കാനും തെറ്റിദ്ധാരണകൾ ഉണ്ടാകാതിരിക്കാനും മുൻകരുതൽ എന്ന നിലയിൽ ജയിലിനുള്ളിൽ വിതരണം ചെയ്യുന്ന പത്രങ്ങൾ സ്ക്രീനിംഗ് ചെയ്യുക

19. മൊബൈൽ വീഡിയോ കോൺഫറൻസിംഗ് വഴി സെൻട്രൽ ജയിലുകളിലെ മെഡിക്കൽ ഓഫീസറുമായിട്ട് മറ്റ് ജയിലുകളിലെ സ്റ്റാഫുകൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെടാനുള്ള സൗകര്യം സൃഷ്ടിക്കുക

20. ജയിലിൽ നിന്ന് റഫർ ചെയ്യുന്ന പ്രതികളെ മെഡിക്കൽ കോളേജുകളിലേക്ക് നേരിട്ട് അയക്കാതെ ആദ്യ റഫറൽ യൂണിറ്റ് ആശുപത്രിയിലേക്ക് അയക്കുക

മേജർ ജയിൽ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് ചെറിയ ജയിൽ സ്ഥാപനങ്ങൾ അവരുടെ പ്രാപ്തിയ്ക്കനുസരിച്ച് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുക

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല/ ഉത്തര മേഖല

എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും